## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2058** **12-09-2023 - ൽ മറുപടിയ്ക്ക്**

## ക്ഷീരവികസന വകുപ്പിന്റെ ഉത്തരവ് റദ്ദ് ചെയ്യുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരവികസന പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01.09.2022- ലെ സ.ഉ (സാ.ധാ)116/2022/ഡിഡി നമ്പർ ഉത്തരവ് സഹകരണ നിയമത്തിന് വിരുദ്ധമാണോ; സഹകരണ വകുപ്പിന്റെ അനുമതിയില്ലാതെ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാൻ ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അധികാരമുണ്ടോ;വ്യക്തമാക്കാമോ ; | (എ) | സ.ഉ.(സാധാ)നം.116/2022/ഡിഡി നമ്പർ ഉത്തരവ് പ്രകാരം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും, അംഗസംഘങ്ങളായ മേഖലാ സഹകരണ ക്ഷീര ഉല്പാദക യൂണിയനുകൾക്കും സുഗമമായ പ്രവർത്തനങ്ങൾക്ക് അധികാര പരിധികൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ക്ഷീരവികസന വകുപ്പ് ഡയറക്ടറെ ക്ഷീരസംഘങ്ങളുടെ ഫങ്ഷണൽ രജിസ്ട്രാറായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. സംഘങ്ങളുടെ ഓഡിറ്റ് ഒഴികെയുള്ള കാര്യങ്ങൾ ക്ഷീരവികസന വകുപ്പ് ഡയറക്ടറിലും ഫങ്ഷണൽ രജിസ്ട്രാറിലും ടി വകുപ്പിലും നിക്ഷിപ്തമാണ്. |
| (ബി) | പ്രസ്തുത ഉത്തരവിലെ ഏതൊക്കെ ഖണ്ഡികകളാണ് സഹകരണ നിയമത്തിന് വിരുദ്ധമായിട്ടുള്ളത്; ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ